# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **T 2887** **22.02.2016** -ൽ മറുപടിക്ക്

## പൈതൃക കെട്ടിട സംരക്ഷണം

ചോദ്യം

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വിറ്റി. ബൽറാം :
ശ്രീ. എം.എ. വാഹിദ് :

ഉത്തരം

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പൈതൃക കെട്ടിട സംരക്ഷണത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) യും (ബി) യും (സി) | സംസ്ഥാനത്തുള്ള 100 വർഷത്തിൽ കുറയാതെ കാലപ്പഴക്കം വരുന്ന പൈതൃക നിർമ്മിതികളുടെയും കെട്ടിടങ്ങളുടെയും സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് നടത്തി വരുന്നുണ്ട്. കൂടാതെ മറ്റ് സർക്കാർ വകുപ്പുകളുടെ അധീനതയിലുള്ള പൈതൃക മന്ദിരങ്ങളുടെ സംരക്ഷണപ്പണികളും അവരുടെ ആവശ്യം പരിഗണിച്ച് ചെയ്തു വരുന്നു. ലഭ്യമായ ഫണ്ടിന്റെയും സംരക്ഷണത്തിന്റെ ആവശ്യകതയും പരിഗണിച്ച് സംസ്ഥാനത്തെ പൈതൃക നിർമ്മിതികളുടെ നവീകരണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് മുഖേന ചെയ്തു വരുന്നുണ്ട്. നിലവിൽ പൈതൃക നിർമ്മിതികളുടെ നവീകരണത്തിനായി പ്രത്യേക കർമ്മ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |
| (ബി) | ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | | |
| (സി) | ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | | |

Saradadevi
സെക്ഷൻ ഓഫീസർ